"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം — പാലക്കാട് ജില്ലയിലെ കല്ലുക്കല്ലൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ശ്രീ.കരുണാകരൻ.എസ് ഫയൽ ചെയ്ത ഒഎ(ഇകെഎം)1766/2022 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 29.11.2022 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.95/2023/LSGD തീയതി,തിരുവനന്തപുരം, 12-01-2023

---

പരാമർശം:-

1. സർക്കുലർ നം. PAN/11965/2022-E1, തീയതി 3/08/2022 .
2. ശ്രീ.കരുണാകരൻ.എസ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ(ഇകെഎം)1766/2022 നമ്പർ കേസ്സിന്മേലുള്ള 29.11.2022 ലെ ഉത്തരവ്.
3. പഞ്ചായത്ത് ഡയറക്ടറുടെ 06.01.2013 ലെ ഇ4-19780/2022 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കല്ലുക്കല്ലൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ശ്രീ.കരുണാകരൻ.എസ് ടിയാനെ സ്ഥലം മാറ്റിയതുമായി ബന്ധപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ(ഇകെഎം)1766/2022 മേലുള്ള 29.11.2022 ൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ ഒന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി അനക്ഷർ എ 5 അപ്പീൽ അപേക്ഷ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ തീരുമാനമെടുക്കുവാൻ ഉത്തരവാകുകയുണ്ടായി.

2. കല്ലുക്കല്ലൂർ ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലാർക്കായിരുന്ന ശ്രീ.കരുണാകരൻ 2021-22 വർഷത്തെ പൊതു സ്ഥലമാറ്റവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, പാലക്കാട് പെർഫോർമെൻസ് യൂണിറ്റ്, പാലക്കാട് ജില്ലാ പഞ്ചായത്ത്, പിരായിരി ഗ്രാമ പഞ്ചായത്ത്, പെരുവമ്പ ഗ്രാമ പഞ്ചായത്ത് , ചിറ്റൂർ പെർഫോർമെൻസ് യൂണിറ്റ്, പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്ത് എന്നീ 7 ഓഫീസുകളിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ട് അപേക്ഷ നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്റ്റേഷനുകളിൽ ശ്രീ. കരുണാകരനെക്കാളും സ്റ്റേഷൻ സീനിയോരിറ്റിയുള്ള ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകിയതിനാലും ടിയാൻ ആവശ്യപ്പെട്ട മറ്റ് ചില സ്റ്റേഷനുകളിൽ ഒഴിവ് റിപ്പോർട്ട് ചെയ്യാത്തതിനാലുമാണ് അപേക്ഷയിൽ ആവശ്യപ്പെട്ട സ്ഥലങ്ങളിൽ നിയമനം നൽകാൻ കഴിഞ്ഞിരുന്നില്ല.

3. 2021-22 പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് അപേക്ഷ ക്ഷണിക്കുകയും സീനിയർ ക്ലാർക്ക് തസ്തികയിൽ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കരട് ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിച്ച് കരട് ലിസ്റ്റിൻമേൽ ആക്ഷേപം ക്ഷണിക്കുകയും ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തയാകാത്തവർക്ക് സ്ഥലമാറ്റ അപേക്ഷ പിൻവലിക്കാനും അവസരം നൽകി പരാമർശം (1) സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ 16 ദിവസം മാത്രം സ്റ്റേഷൻ സീനിയോരിറ്റിയുള്ള ശ്രീ.കരുണാകരൻ അപേക്ഷ പിൻവലിക്കുകയോ കരട് ക്യൂ ലിസ്റ്റിൽ ആക്ഷേപം നൽകുകയോ ചെയ്തിരുന്നില്ല. തുടർന്ന് 2021-22 പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് 26/08/2022 ൽ അന്തിമ ക്യൂലിസ്റ്റ് പ്രസിദ്ധീകരിക്കുകയും, 17/09/2022 ൽ പ്രകാരം സീനിയർ ക്ലാർക്കുമാരുടെ കരട് അലോട്ട്മെൻറ് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപവും ക്ഷണിച്ചിരുന്നു. പ്രസ്തുത കരട് അലോട്ടമൻറ്

ലിസ്റ്റിൽ ടിയാൾക്ക് പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്തിലാണ് അലോട്ട്മെന്റ് ലഭിച്ചിരുന്നത്. പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ടിയാൻ ഓൺലൈനായി അപ്പീൽ സമർപ്പിച്ചിരുന്നുവെങ്കിലും ടിയാൻ ഓപ്ഷൻ നൽകിയിരുന്ന ചില സ്റ്റേഷനുകളിൽ ടിയാളെക്കാളം സ്റ്റേഷൻ സീനിയോരിറ്റിയുള്ളവർക്ക് സ്ഥലംമാറ്റം അനുവദിച്ചിരുന്നതിനാലും മറ്റ് ചില സ്റ്റേഷനുകളിൽ ഒഴിവ് റിപ്പോർട്ട് ചെയ്യാത്തതിനാലും ശ്രീ.കരുണാകരൻറെ അപ്പീൽ അപേക്ഷ രണ്ടാം എതിർ കക്ഷിയായ ഡയറക്ടർ(റൂറൽ) നിരസിച്ചിരുന്നു. അപ്പീൽ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ ഒഴിവില്ലാത്ത പക്ഷം നിലവിലെ സ്റ്റേഷനിൽ നിലനിർത്തുന്നതിന് ആവശ്യപ്പെട്ടിരുന്നുമില്ല. ഈ സാഹചര്യത്തിലാണ് ശ്രീ. കരുണാകരൻ എസ്-ന് ഓപ്ഷൻ പ്രകാരമുള്ള സ്റ്റേഷനുകളിൽ നിയമനം ലഭിക്കാതിരുന്നതും സ്ഥലംമാറ്റ മാനദണ്ഡപ്രകാരം ഒഴിവ് വന്ന തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്തിൽ സ്ഥലംമാറ്റം നൽകിയിരുന്നത് എന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. കല്ലടിക്കോട്ട് ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. കരുണാകരനെ ടിയാന്റെ ഓപ്ഷൻ സ്റ്റേഷനുകളിൽ ഏതെങ്കിലും സ്ഥലംമാറ്റം നൽകുകയോ അതോ ടിയാന്റെ ഒറിജിനൽ സ്റ്റേഷനായ കല്ലടിക്കോട്ട് ഗ്രാമ പഞ്ചായത്തിൽ നിലനിർത്തുകയോ ചെയ്യുന്ന പക്ഷം അത് മറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തെ ഉൾപ്പെടെ ബാധിക്കുകയും ആയത് കൂടതൽ കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുകയും ചെയ്യുമെന്നതിനാൽ പാലക്കാട് ജില്ലയിലെ കല്ലടിക്കോട്ട് ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. കരുണാകരനെ പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്തിൽ സ്ഥലംമാറ്റം നൽകിയതിനെതിരെയും പിരായിരി ഗ്രാമപഞ്ചായത്തിലോ പൊതുസ്ഥലംമാറ്റത്തിന് ആവശ്യപ്പെട്ട സ്ഥലങ്ങളിൽ എതെങ്കിലും ഒന്നിലോ പരിഗണിച്ച് സ്ഥലംമാറ്റം അനുവദിച്ച് തരണമെന്നാവശ്യപ്പെട്ടും സമർപ്പിച്ച അപ്പീൽ നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർശം (2) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒഎ(ഇകെഎം)1766/2022 മേലുള്ള 29.11.2022 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ(റൂറൽ), തസ്വഭവ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്(ഡയറക്ടർ(റൂറൽ), തസ്വഭവ മുഖാന്തിരം)
സെക്രട്ടറി, തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്, പാലക്കാട്. (ഡയറക്ടർ(റൂറൽ), തസ്വഭവ മുഖാന്തിരം)
സെക്രട്ടറി, കല്ലടിക്കോട്ട് ഗ്രാമപഞ്ചായത്ത്, പാലക്കാട്. (ഡയറക്ടർ(റൂറൽ), തസ്വഭവ മുഖാന്തിരം
ശ്രീ. കരുണാകരൻ, സീനിയർ ക്ലാർക്ക്, തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്, പാലക്കാട്. (ഡയറക്ടർ(റൂറൽ), തസ്വഭവ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 301/ഇപിഎ1/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Danuja M S**
**Date: 13-01-2023 16:12:55**
സെക്ഷൻ ഓഫീസർ